ഭരണഭാഷ-മാതൃഭാഷ

**അഞ്ചൽ ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 691306**
**GSTIN:32AAALA2762M1ZA ഫോൺ നമ്പർ : 0475-2273236**
**anchalgp@gmail.com**

**നമ്പർ: 8570145-2026** **തീയതി : 05-11-2026**

## ലേല പരസ്യം

അഞ്ചൽ ഗ്രാമപഞ്ചായത്ത് ഓഫീസ്, മാർക്കറ്റ്, പ്രൈവറ്റ് ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലുള്ള ഉപയോഗ്യ ശൂന്യമായ സ്റ്റീൽ, ഫർണിച്ചർ, ഇരുമ്പ് സാമഗ്രികൾ എന്നിവ നീക്കം ചെയ്ത് സ്ഥലം ക്ലിയർ ചെയ്ത് നൽകുന്നതിനുള്ള ലേല നടപടികൾ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തപ്പെടുന്നു. നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകക്കായിരിക്കും ലേലം ആരംഭിക്കുന്നത്. ലേല തുകയോടൊപ്പം 18 ശതമാനം ജി.എസ്.ടി ഒടുക്കേണ്ടതാണ്. കൂടുതൽ തുക രേഖപ്പെടുത്തിയ ലേലം അന്നേ ദിവസം താൽക്കാലികമായി അംഗീകരിക്കുന്നതും പഞ്ചായത്ത് ഭരണസമിതി തിരുമാനത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. വിശദവിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നോ, https://tender.lsgkerala.gov.in/ , https://anchalpanchayat.lsgkerala.gov.in/ എന്ന വെബ്സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.

**ലേല തീയതി- 16-11-2026**

**സമയം- 11.00 AM**

**സ്ഥലം –അഞ്ചൽ ഗ്രാമപഞ്ചായത്ത് ഹാൾ**

### നിബന്ധനകൾ

1) ലേലത്തിൽ പങ്കെടുക്കുന്നവർ ഇ.എം.ഡി ഇനത്തിൽ 5000/- രൂപ ഒടുക്കേണ്ടതാണ്.

2) ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ മേൽ സ്ഥലങ്ങൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്

3) ലേലം കൈകൊള്ളുന്നയാൾ ലേല തുകയുടെ 25 ശതമാനവും ആയതിൻറെ 18 ശതമാനം ജി.എസ്.ടി.യും ഉൾപ്പെടെയുള്ള തുക അന്നേ ദിവസം തന്നെ പഞ്ചായത്ത് ഓഫിസിൽ അടവാക്കേണ്ടതാണ്.

4) ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ച് 3 ദിവസത്തിനകം സംഖ്യയിലെ ബാക്കി തുകയും 18 ശതമാനം ജി.എസ്.ടി.യും അടവാക്കേണ്ടതും, പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും, 14 ദിവസത്തിനകം സ്വന്തം ഉത്തരവാദിത്വത്തിൽ ടി സാമഗ്രികൾ നീക്കം ചെയ്ത് പരിസരം വൃത്തിയാക്കി നൽകേണ്ടതുമാണ്.

5) ലേലം കൈകൊണ്ട ശേഷം പ്രസ്തുത അധികാരം കൈമാറാൻ പാടുള്ളതല്ല. അഞ്ചൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും ലേലം ഉറപ്പിക്കുക.

6) യഥാസമയം തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിരത ദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതും ലേലം റദ്ദായതായി കണക്കാക്കുന്നതും ആയത് കാരണം കൊണ്ടയാൾ ഉണ്ടായ നഷ്ടങ്ങൾക്ക് ലേലം ഉത്തരവാദിയായിരിക്കുന്നതുമാണ്.

7) ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് ഏതൊരാളേയും ന്യായമായ കാരണത്തിന്മേൽ ലേലത്തിൽ പങ്കെടുപ്പിക്കാതിരിക്കാനുള്ള പൂർണ്ണമായ അവകാശം ഉണ്ടായിരിക്കുന്നതാണ്.

8) ഏതെങ്കിലും കാരണവശാൽ ലേലദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ അടുത്ത പ്രവൃത്തിദിവസം അതേസമയത്ത് ലേലം നടത്തുന്നതാണ്.

9) ലേലം/ക്വട്ടേഷൻ നടപടികൾ സംബന്ധിച്ച അന്തിമ തീരുമാനം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. സർക്കാരിൻറെ നിലവിലുള്ള എല്ലാ നിയമങ്ങളും ഉത്തരവുകളും ഈ ലേലത്തിന് ബാധകമായിരിക്കുന്നതാണ് .

Signature Not Verified
Digitally signed by Sunitha
Date: 2026.11.05 12:32:39 IST
Reason: KSMART

സെക്രട്ടറി